# പോലീസ് വകുപ്പ്

## കേരളം

**No.H1-20157/2022/DR**
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
☏04962523031
തീയതി.12-05-2022

**DO No. 288/2022/ഡി ആർ**

വിഷയം : അച്ചടക്ക നടപടി- ശ്രീ അബ്ദുൾ റഹിമാൻ ,ജിഎസ്ഐ(ഡി 6522)എന്നയാളുടെ പി ആർ മിനുറ്റ്സ് തീർപ്പ് കൽപ്പിച്ച ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നത് സംബന്ധിച്ച്

സൂചന : 1.ഈ ഓഫീസിലെ 07.10.2021 തിയ്യതിയിലെ DO No 644/2021DR
2.ഈ ഓഫീസിലെ 04.01.2022 തിയ്യതിയിലെ H1/50061/2021 DR നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3.ഈ ഓഫീസിലെ 31.01.2022 തിയ്യതിയിലെ DO No 56/2022 DR.
4.ബഹു കണ്ണൂർ ഡിഐജി അവർകളുടെ 11.05.2022 തിയ്യതിയിലെ A2(a)/6652/2022 കെആർ നമ്പർ കത്ത്

ശ്രീ അബ്ദുറഹിമാൻ GSI D 6522, മുക്കം പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരവേ 24.09.2021 തിയ്യതി Dvr GASI നാസർ എന്നയാളോടൊപ്പം 23.00 മണിക്ക് നൈറ്റ് പട്രോൾ ഡ്യൂട്ടിക്കായി പോവുകയും ഡ്യൂട്ടി തുടരവേ 25.09.2021 തിയ്യതി പുലർച്ചെ 1.30 മണിക്ക് മുക്കം മണാശ്ശേരി MAMO കോളേജിന് മുന്നിൽ എത്തിയ സമയം എതിർഭാഗത്ത് ബാഗുമായി വന്ന കാസർഗോഡ് സ്വദേശിയായ നസീർ എന്നയാളെ തടഞ്ഞുനിർത്തി ചോദ്യം ചെയ്യുകയും ടിയാൻറെ കൈവശമുള്ള ഫോണുകളിൽ നിന്നും ഒരു ഫോൺ വാങ്ങി ഫോൺ വേണമെങ്കിൽ സ്റ്റേഷൻ വരെ വരണമെന്ന് പറഞ്ഞു ടിയാനെ പോലീസ് ജീപ്പിൽ കയറ്റാതെ ജീപ്പിന് മുന്നിലായി സുമാർ 4 കിലോമീറ്ററോളം നടത്തിക്കുകയും സ്റ്റേഷനിലെത്തിയ നസീർ എന്നയാൾ അവശനിലയിലായിട്ടും വൈദ്യ പരിശോധന നടത്തുന്നതിനോ നസീറിനെ സ്റ്റേഷനിൽ എത്തിച്ച കാര്യം യഥാസമയം GD യിൽ രേഖപ്പെടുത്തുന്നതിനോ തയ്യാറാവാതെ ഒരു സുശിക്ഷിത സേനയിലെ ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥന് നിരക്കാത്ത വിധം ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും ഉദാസീനതയും കാണിച്ചതിനു ടിയാനെതിരെ സൂചന 1 പ്രകാരം ഒരു വാക്കാലന്വേഷണം ഉത്തരവാകുകയും അന്വേഷണം നടത്തി PR മിനുറ്റ്സ് സമർപ്പിക്കുന്നതിന് വടകര കൺട്രോൾ റൂം പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി.

കുറ്റാരോപണമെമ്മോയിൽ ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം വാക്കാലന്വേഷണത്തിൽ തെളിയുന്നുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് യോജിച്ച് കൊണ്ട് തെളിഞ്ഞ കുറ്റത്തിനുള്ള ശിക്ഷയായി ടിയാൻറെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ടു വർഷത്തേക്ക് സഞ്ചിതഫലത്തോടെ തടഞ്ഞുവെക്കുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും സൂചന 2 പ്രകാരം ടിയാന് നല്കിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാതിരുന്നതിനാൽ ശ്രീ അബ്ദുറഹിമാൻ GSI D 6522 എന്നവർക്ക് നൽകിയ താൽക്കാലിക ശിക്ഷയായ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ടു വർഷത്തേക്ക് സഞ്ചിതഫലത്തോടെ തടഞ്ഞു വെക്കുക എന്ന തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് സൂചന 3 പ്രകാരം ഉത്തരവാകുകയുണ്ടായി.

മേൽ ഉത്തരവിനെതിരെ ശ്രീ അബ്ദുറഹിമാൻ, GSI (D 6522) സമർപ്പിച്ച ആപ്പീൽ അപേക്ഷയിൽ സൂചന 4 പ്രകാരം ബഹു കണ്ണൂർ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ അവർകൾ ടി ഉത്തരവ് റദ്ദ് ചെയ്യുവാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന 3 പ്രകാരം ശ്രീ അബ്ദുറഹിമാൻ GSI D 6522 എന്നയാൾക്ക് നല്കിയ ശിക്ഷയായ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ടു വർഷത്തേക്ക് സഞ്ചിതഫലത്തോടെ തടഞ്ഞു വെച്ച എന്ന ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

Srinivas A

11-05-2022
ശ്രീനിവാസ് എ, ഐ പി എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ അബ്ദുറഹിമാൻ,GSI (D 6522) എന്നയാൾക്ക് വടകര കൺട്രോൾ റൂം ഇൻസ്പെക്ടർ മുഖേന

പകർപ്പ് : ഇൻസ്പെക്ടർ ,കൺട്രോൾ റൂം വടകര :നടത്തിപ്പിനും തിയ്യതി വെച്ച ലക്ഷ്യം വാങ്ങി

H1-20157/2022/DR
24e93d

തിരിച്ചയക്കുന്നതിനും
ബഹു ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്,കണ്ണൂർ റേഞ്ച് : പ്രസ്തുത അച്ചടക്ക നടപടി തീർപ്പാക്കുന്നതിനായി പിആർ മിനുറ്റ്സും, അനുബന്ധ രേഖകളും അനന്തര നടപടികൾക്കായി.
അഡീഷണൽ എസ്‌പി ,AA ,മാനേജർ ജൂനിയർ സൂപ്രണ്ടുമാർ എന്നിവർക്ക് അറിവിലേക്കായി
എ1 മുതൽ എ5(എ)സെക്ഷൻ ,F1 മുതൽ എഫ്6 വരെയുള്ള സെക്ഷനുകൾക്ക് അറിവിലേക്കായി
ഡിഒ ബുക്ക്, ഡിഒ ഫയൽ